ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി) പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളെല്ലാം സാമുദായിക ക്രമമനുസരിച്ച് ചെയ്യുവാൻവേണ്ട നിയമങ്ങളും ഉണ്ട്.

APPOINTMENTS

***830.** [78] **Sri. K. R. Elenkath:** Will the Hon'ble the Chief Minister be pleased to state.—

(*a*) the number of appointments made by the Public Service Commission in 1125;
(*b*) the number of appointments directly made by the Government; and
(*c*) the names of persons and offices to which they were appointed with regard to (*b*)?

Sri. T. K. Narayana Pillai:

(*a*) The appointments made by the Public Service Commission have been published in the Gazette.

(*b*) No permanent appointment has been made by the Government direct without reference to the Public Service Commission.

(*c*) Does not arise in view of answer to (*b*).

SURVEY SYSTEM

***831.** [79] **Sri. Joseph Mundassery:** Will the Hon'ble Minister for Revenue be pleased to state.—

whether the Government mean to adopt the Cochin Survey system and maintenance of land records for the whole Union?

Sri.A. J. John:

The question has not yet been taken up for consideration.

ഹരിജനങ്ങളുടെ റിട്രെഞ്ച്മെൻറ്

*വ്യവ.. (വ്യ) ശ്രീ. സി. നാരായണൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

ഈ അടുത്തു നടക്കുവാൻ പോകുന്ന റിട്രെഞ്ച്മെണ്ടിൽ ഹരിജനങ്ങളും ഉൾപ്പെടുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: റിട്രെഞ്ച്മെൻറ് പൂർത്തിയായല്ലാതെ ഒന്നും പറയുവാൻ നിവൃത്തിയില്ല.

സ്റ്റാറിസ്റ്റിക്സ് ശേഖരിക്കുന്നതിനുള്ള ഉദ്യോഗസ്ഥൻ

*വ്യവ. (വ്യ) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സ്റ്റാറിസ്റ്റിക്സ് ശേഖരിക്കുന്നതിനു് ഓരോ താലൂക്കിലും ഓരോ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ;

(ബി) അവരുടെ ജോലിയുടെ വിശദരൂപം എന്താണു്;

(സി) ഏതെല്ലാം താലൂക്കുകളിൽ ഇവർ പ്രവർത്തനം നടത്തുന്നുണ്ടു്;

(ഡി) തിരുവല്ലാതാലൂക്കിൽ സ്റ്റാറിസ്റ്റിക്സ് ശേഖരിക്കുന്നതിനു് നിയമതിനായിരിക്കുന്ന ആൾ ആരാണു്; ആ ഉദ്യോഗസ്ഥൻറെ ജോലിയുടെ ഒരു റിപ്പോർട്ട് മേശമേൽവയ്ക്കുമോ?

(ഇ) ഇവരുടെ ജോലി പരിശോധിക്കുന്നതു് ആരാണു്?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ടു്.

(ബി) കാർഷിക സ്ഥിതിവിവരകണക്കുകൾ "സാംപ്ലിംഗ്" രീതിയിൽ തയ്യാറാക്കുക.

(സി) പീരുമേട്, ദേവികുളം, തോവാള ഈ താലൂക്കുകളൊഴിച്ചു് തിരുവിതാംകൂറിലെ എല്ലാതാലൂക്കുകളിലും പ്രവർത്തനം നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly